# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| | | |
|---|---|---|
| നവംബർ<br>**NOVEMBER** | **22** | **2020** |



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co


**തീർഥാടകരുടെ ദാഹമകറ്റാൻ ഔഷധ കുടിവെള്ള വിതരണം**

ശബരിമലയിൽ ദർശനത്തിനായി മലകയറുന്ന തീർഥാടകരുടെ ദാഹമകറ്റാൻ ദേവസ്വം ബോർഡ് സൗജന്യ ഔഷധ കുടിവെള്ളം ( ചുക്കുവെള്ളം) വിതരണം നടത്തുന്നു. പമ്പ, ചരൽമേട്, ജ്യോതിനഗർ, മാളികപ്പുറം എന്നിവിടങ്ങളിലാണ് ഔഷധ കുടിവെള്ളം തീർഥാടകർക്കായി വിതരണം ചെയ്യുന്നത്. കോവിഡ് മുൻ കരുതലിന്റെ ഭാഗമായി തീർഥാടകർക്ക് പേപ്പർ ഡിസ്പോസിബിൾ ഗ്ലാസിലാണ് ഔഷധ കുടിവെള്ളം നൽകുന്നത്. ഉപയോഗിച്ച പേപ്പർ ഡിസ്പോസിബിൾ ഗ്ലാസ് പ്രത്യേക ശേഖരണിയിലാക്കി സംസ്ക്കരിക്കുന്നു.

പമ്പ ആഞ്ജനേയ ഓഡിറ്റോറിയത്തിൽ തീർഥാടകർ 200 രൂപ ഡിപ്പോസിറ്റ് നൽകിയാൽ ഔഷധ കുടിവെള്ളം ശേഖരിക്കുന്നതിനായി സ്റ്റീൽ കുപ്പി നൽകും. ദർശനം കഴിഞ്ഞ് തിരിച്ച് സ്റ്റീൽ കുപ്പി പമ്പയിലെ കൗണ്ടറിൽ തിരിച്ച് നൽകുമ്പോൾ ഡിപ്പോസിറ്റായി വാങ്ങുന്ന 200 രൂപ മടക്കി നൽകും. ചുക്ക്, പതിമുഖം, രാമച്ചം എന്നിവ ചേർത്ത് ചൂടാക്കിയാണ് ഔഷധ കുടിവെള്ളം തയാറാക്കുന്നത്. വിതരണ കേന്ദ്രങ്ങളിൽ തന്നെയാണ് ഔഷധ കുടിവെള്ളം തയാറാക്കുന്നത്.

ഔഷധ കുടിവെള്ള കേന്ദ്രങ്ങളിൽ വിതരണം നടത്തുന്നവർ മാസ്ക്ക്, മുഖഷീൽഡ്, കൈയുറ എന്നിവ ധരിച്ചിട്ടുണ്ട്. നാല് ഔഷധ കുടിവെള്ള കേന്ദ്രങ്ങളിൽ ഒരു ഷിഫ്റ്റിൽ മൂന്നു മുതൽ നാല് ജീവനക്കാരാണ്

സേവനത്തിലുള്ളത്. ആകെ 55 താൽക്കാലിക ജീവനക്കാരാണ് ഔഷധ കുടിവെള്ള വിതരണ വിഭാഗത്തിലുള്ളത്. ഔഷധ കുടിവെള്ളത്തിന്റെ സ്പെഷ്യൽ ഓഫീസർ ചുമതല ധനു. എസ് കൃഷ്ണനാണ്.

*(പി.ആർ. ശബരി-34)*

## അയ്യപ്പസ്വാമിക്ക് അഭിഷേകത്തിനുള്ള പാൽ നൽകി ഗോശാല

പുലർച്ചെ രണ്ടുമണിയോടെ ശബരിമല സന്നിധാനത്തെ ഗോശാലയും ആനന്ദ് സാമന്തും ഉണരും. അയ്യപ്പ സ്വാമിക്ക് അഭിഷേകം ചെയ്യാനുള്ള പാൽ കറക്കാൻ. പശുക്കളെ വൃത്തിയാക്കിയതിനു ശേഷമാണ് പാൽ കറക്കൽ. ശേഷം എട്ടരയോടെ പശുക്കളെ മേയ്ക്കുവാൻ ഉരൽക്കുഴി ഭാഗത്തേക്ക്. ഉച്ചയ്ക്ക് ഒരു മണിയോടെ തിരിച്ച് ഗോശാലയിൽ. വന്നാലുടൻ ഗോശാലയേയും പശുക്കളേയും ശുചിയാക്കും. രണ്ടു മണിക്ക് വീണ്ടും അഭിഷേകത്തിനുള്ള പാൽ കറക്കൽ. ഇതാണ് ആനന്ദ് സാമന്തിന്റെ ദിനചര്യ. അഭിഷേകപ്രിയനായ അയ്യപ്പന് സമർപ്പിക്കുന്നതിന് ഇഷ്ടദ്രവ്യമായ പാൽ കഴിഞ്ഞ അഞ്ചു വർഷമായി മുടക്കമില്ലാതെ കറന്നെടുത്ത് സന്നിധാനത്തെത്തിക്കുന്നത് ആനന്ദ് സാമന്താണ്. ബംഗാൾ സ്വദേശിയായ ആനന്ദ് സാമന്താണ് സന്നിധാനത്തെ ഗോശാലയുടെ നോട്ടക്കാരൻ.
കന്നുകാലികളെക്കൊണ്ട് സമൃദ്ധമാണ് ശബരിമല സന്നിധാനത്തെ ഗോശാല. സന്നിധാനത്തു നിവേദ്യത്തിനും ക്ഷേത്രത്തിലെ മറ്റ് ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന പാൽ ലഭിക്കുന്നത് ഈ ഗോശാലയിൽ നിന്നാണ്. കിടാവുകൾ ഉൾപ്പെടെ 24 കാലികളാണ് ഇവിടെയുള്ളത്. മൂന്നു പശുക്കൾക്കാണ് കറവയുള്ളത്. പശുക്കൾക്കുള്ള വൈക്കോലും പുല്ലും എല്ലാം യഥേഷ്ടമാണിവിടെ. കൂടാതെ പശുക്കൾക്ക് ചൂട് അടിക്കാതിരിക്കാൻ ഫാനുകളും വെളിച്ചം പകരാൻ ലൈറ്റുകളും ക്രമീകരിച്ചിട്ടുണ്ട്.
പശ്ചിമബംഗാൾ ഉത്തർഗോപാൽ നഗർ സ്വദേശിയാണ് ആനന്ദ് സാമന്ത്. ഭാര്യയും, രണ്ടു കുട്ടികളും, മാതാവും അടങ്ങുന്നതാണ് ആനന്ദിന്റെ കുടുംബം. കഴിഞ്ഞ ജനുവരിയിലാണ് ആനന്ദ് അവസാനമായി ബംഗാളിലെ വീട്ടിലേക്ക് പോയത്. കോവിഡ് മഹാമാരി വന്നതിനാൽ വീട്ടിലേക്കുള്ള അടുത്ത യാത്ര മകരവിളക്ക് തീർഥാടനത്തിനു ശേഷമേ ചിന്തിക്കുന്നുള്ളു എന്നാണ് ആനന്ദിന്റെ പക്ഷം. സന്നിധാനത്ത് ഭസ്മക്കുളത്തിന് സമീപമാണ് ഗോശാല സ്ഥിതിചെയ്യുന്നത്.

*(പി.ആർ. ശബരി-35)*

***ഫോട്ടോ അടിക്കുറിപ്പ്- ഗോശാല-***
ശബരിമല സന്നിധാനത്തെ ഗോശാല ശുചീകരിക്കുന്ന ആനന്ദ് സാമന്ത്.

***ഫോട്ടോ അടിക്കുറിപ്പ്- കുടിവെള്ളം-***
ശബരിമലയിൽ തീർഥാടകർക്കായി ദേവസ്വം ബോർഡ് നടത്തുന്ന സൗജന്യ

ഔഷധ കുടിവെള്ള വിതരണ കേന്ദ്രം.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER | 22 | 2020 |
|---|---|---|



## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdnewssabarimala2021@gmail.co

**ശബരിമലയിലെ നാളത്തെ (23.11.20) ചടങ്ങുകൾ...**

5 മണിക്ക്.... തിരുനട തുറക്കൽ
5.05 ന്..... അഭിഷേകം
5.30 ന് ...ഗണപതി ഹോമം
7 മണി മുതൽ 11 മണി വരെ നെയ്യഭിഷേകം
7.30 ന് ഉഷപൂജ
8 മണി മുതൽ ഉദയാസ്തമന പൂജ
11.30 ന് 25 കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
7 മണിക്ക് .....പടിപൂജ
8.30 മണിക്ക് ....അത്താഴപൂജ
8.50 ന് ഹരിവരാസനം സങ്കീർത്തനം പാടി 9 മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.

*(പി.ആർ. ശബരി-36)*

# വന്യജീവികളിൽ നിന്ന് സുരക്ഷ ഒരുക്കി വനം വകുപ്പ്

ശബരിമല തീർഥാടന പാതയിൽ തീർഥാടകർ കടന്നുപോകുമ്പോൾ ആനയോ വന്യ മൃഗങ്ങളോ നിലയുറപ്പിച്ചാൽ സഹായത്തിന് വനപാലകർ ഏതുസമയവും ഓടിയെത്തും. സഹായത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന വനം വകുപ്പിന്റെ കൺട്രോൾ റൂം പമ്പയിലും സന്നിധാനത്തും പ്രവർത്തിക്കുന്നു. സഹായം ആവശ്യമുള്ള തീർഥാടകർക്ക് പമ്പയിലെയോ(04735203492) സന്നിധാനത്തെയോ(04735202077) കൺട്രോൾ റൂമുകളുമായി ബന്ധപ്പെടാം.

പമ്പയിലും സന്നിധാനത്തും എലിഫന്റ് സ്‌ക്വാഡിനെയും പാമ്പ് പിടുത്തതിന് ആളിനെയും വിന്യസിച്ചിട്ടുണ്ട്. പമ്പയിലെ എലിഫന്റ് സ്‌ക്വാഡിൽ വെറ്ററിനറി ഓഫീസർ ഉൾപ്പെടെ അഞ്ചു പേരുണ്ട്. സന്നിധാനത്തെ എലിഫന്റ് സ് ക്വാഡിൽ നിലവിൽ ഒരാളാണുള്ളത്.

പാമ്പുകളെ പിടിക്കുന്നതിന് പമ്പയിലും സന്നിധാനത്തും ഓരോ ആൾവീതം 24 മണിക്കൂറും സേവനത്തിലുണ്ട്. പുലർച്ചെ പമ്പയിൽ നിന്ന് ആദ്യം പുറപ്പെടുന്ന തീർഥാടകർക്കും രാത്രി ദർശനം കഴിഞ്ഞ് അവസാനം ഇറങ്ങുന്ന തീർഥാടകർക്കും സുരക്ഷിത പാത ഒരുക്കുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥർ അകമ്പടി സേവിക്കുന്നു.

പാമ്പിനെ പിടിക്കുന്നതിൽ പ്രാവീണ്യമുള്ള താൽക്കാലിക ജീവനക്കാരെയാണ് മണ്ഡല- മകരവിളക്ക് തീർഥാടനകാലത്ത് പമ്പയിലും സന്നിധാനത്തും നിയോഗിച്ചിരിക്കുന്നത്.

കൺട്രോൾ റൂമുകളിൽ സന്ദേശം ലഭിച്ചാലുടൻ സ്‌ക്വാഡുകൾ സ്ഥലത്തേക്ക് വേഗത്തിലെത്തുന്ന വിധത്തിലാണ് പ്രവർത്തനം. ഇതിനു പുറമേ സ് ക്വാഡുകൾ എപ്പോഴും പട്രോളിംഗും നടത്തും. എലിഫന്റ് സ്‌ക്വാഡ് ആനയെ തിരിച്ച് കാട്ടിലേക്ക് കയറ്റിവിടുന്നതിന് പടക്കങ്ങളും ആവശ്യമെങ്കിൽ തോക്ക് ഉൾപ്പെടെ ഉപയോഗിക്കും. പമ്പയിലെയും സന്നിധാനത്തെയും കൺട്രോൾ റൂമുകളുടെ മേൽനോട്ട ചുമതല അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് കെ.ബി. സുഭാഷിനാണ്. ഈ തീർഥാടന കാലയളവിൽ പമ്പ മുതൽ സന്നിധാനം വരെയുള്ള തീർഥാടന പാതയിൽ തീർഥാടകർ മലകയറുമ്പോഴും ഇറങ്ങുമ്പോഴും നിലവിൽ ഇതുവരെ ആന നിലയുറപ്പിച്ചതായി റിപ്പോർട്ടില്ല. തീർഥാടകർ അറിയിച്ചതിനെ തുടർന്ന് ഈ തീർഥാടന കാലത്ത് പമ്പയിൽ നിന്നും സന്നിധാനത്തു നിന്നും രണ്ട് പാമ്പുകളെ വീതം പിടിച്ചിരുന്നു. പിടികൂടുന്ന പാമ്പുകളെ ഉൾവനപ്രദേശത്തു തുറന്നുവിടും.

***(പി.ആർ. ശബരി-37)***

***ഫോട്ടോ അടിക്കുറിപ്പ്*** - വനം -വനം വകുപ്പിന്റെ സ്‌ക്വാഡ് പാമ്പിനെ തിരയുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.